## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T.1852

17.06.2013-ൽ മറുപടിയ്ക്ക്

### ട്രാഫിക് സിഗ്നൽ ക്രമീകരണത്തിലെ അപാകതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഗതാഗത നിയന്ത്രണത്തിനായി സംസ്ഥാനത്ത് ജംഗ്ഷനുകളിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നലുകളുടെ സമയക്രമീകരണത്തിലുള്ള പിഴവ് അനാവശ്യ ട്രാഫിക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തിരക്കില്ലാത്തതായ ചില റോഡുകൾ ജംഗ്ഷനിലുള്ള പ്രധാന തിരക്കുള്ള റോഡിലേക്ക് ചേരുന്ന സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ ക്രമീകരിച്ചിരിക്കുന്ന സമയദൈർഘ്യത്തിലുള്ള ഏകീകരണം അനാവശ്യമായ തിരക്കുകൾ ഉണ്ടാക്കുന്നത് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ട്രാഫിക് സിഗ്നലുകളുടെ സമയക്രമീകരണത്തിലെ അപാകതകൾ ഒഴിവാക്കുന്നതിനായി ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്ന നിർവ്വഹണ ഏജൻസികളായ റോഡ് ഫണ്ട് ബോർഡ്, കെൽട്രോൺ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവർ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുമായി ആലോചിച്ച് അനുവാദം വാങ്ങിയതിനു ശേഷമേ സിഗ്നലുകൾ സ്ഥാപിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള സിഗ്നലുകളിൽ ടൈമർ ക്രമീകരിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | തിരക്കുള്ള പ്രധാന റോഡിലും, താരത മ്യേന തിരക്കില്ലാത്ത പ്രധാന റോഡി ലേക്ക് ചേരുന്ന റോഡുകളിലും ട്രാഫിക് ബാഹുല്യത്തിന് ആനുപാതിക മായി ട്രാഫിക് സിഗ്നലുകളിൽ സമയം ക്രമീകരിച്ച് അനാവശ്യ തിരക്ക് ഒഴിവാ ക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കാവു ന്നതാണ്. |

സെക്ഷൻ ഓഫീസർ